(സി) പദ്ധതി ചെലവിനുള്ള തുക എങ്ങനെ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ഡി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഈ പദ്ധതി വഴി ലഭിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) അനെർട്ടിന്റെ ഉടമസ്ഥതയിൽ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് സ്ഥാപിക്കുന്ന സൗരോർജ്ജ പവർ പ്ലാന്റിൽ നിന്നും പ്രതിവർഷം 30 ലക്ഷത്തിലധികം യൂണിറ്റ് വൈദ്യുതി സംസ്ഥാന വൈദ്യുതി ബോർഡിന്റെ ശൃംഖലയിലേക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നത്. കേരളാ സ്റ്റേറ്റ് ഇൻഫ്രാസിട്രി ബോർഡ് ലിമിറ്റഡ് വഴി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് 220 കെ.വി. സബ്സ്റ്റേഷൻ പരിസരത്ത് നിർമ്മിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റിൽ നിന്നും 1.63 മില്യൻ യൂണിറ്റ് വൈദ്യുതിയാണ് ഒരു വർഷം ഉല്പാദനം പ്രതീക്ഷിക്കുന്നത്. സംസ്ഥാനം നേരിടുന്ന വൈദ്യുതി പ്രതിസന്ധി ഒരളവുവരെ ഒഴിവാക്കാനാവുന്നതോടൊപ്പം കെ.എസ്.ഇ.ബി. യുടെ സോളാർ റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ (Solar RPO) നിറവേറ്റുന്നതിനേക്കും ഈ പദ്ധതി ഉപകരിക്കുന്നതാണ്.

(സി) പാലക്കാട് കുഴൽമന്ദത്ത് സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിനുള്ള ചെലവ് അനെർട്ടിൽ ചെലവഴിക്കാത്ത പദ്ധതി ഫണ്ടിൽ നിന്നും ഉപയോഗിക്കാനായി 30-3-2015-ലെ സ.ഉ. (ആർ.ടി.) 77/2015 ഊവ പ്രകാരം അനുമതി നല്കിയിട്ടുണ്ട്. 220 കെ.വി. സബ്സ്റ്റേഷനിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിന് 50% തുക ഗവൺമെന്റും 50% തുക കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും ചെലവഴിക്കുന്നതിനുള്ള അനുമതി 30-11-2013-ലെ സ. ഉ.. (ആർ.ടി.) 305/2013/ഊ.വ. പ്രകാരം നല്കിയിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ പദ്ധതികളിലൂടെ 3 മെഗാവാട്ട് വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിടുന്നത്.

കെ.എസ്.ഇ.ബി. -യിലെ ശമ്പള പരിഷ്കരണം

3 (3156) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ. ബി.യിൽ ജീവനക്കാരുടെ ശമ്പള വർദ്ധനവ് നടപ്പാക്കാനുള്ള കാലാവധി കഴിഞ്ഞിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന് മുൻപ് എന്നാണ് ശമ്പള വർദ്ധനവ് നടത്തിയിട്ടുള്ളത്;

(സി) ഇതിന്റെ കാലാവധി എന്ന് അവസാനിച്ചു; വിശദമാക്കുമോ;

(ഡി) പുതിയ ശമ്പള വർദ്ധനവ് നടപ്പാക്കാൻ ചർച്ചകൾ നടന്നുവരുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓഫീസർ കാറ്റഗറിയിലുള്ള ജീവനക്കാരുടെ നിലവിലുള്ള ശമ്പള പരിഷ്കരണം 1-7-2008 മുതൽ പ്രാബല്യത്തിലും വർക്ക്മെൻ കാറ്റഗറിയിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം 1-8-2008 മുതൽ പ്രാബല്യത്തിലും ആണ് നടപ്പാക്കിയിട്ടുള്ളത്.

(സി) ഓഫീസർ കാറ്റഗറിയിലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണ കാലാവധി 30-6-2013-നും വർക്ക്മെൻ കാറ്റഗറിയിലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണ കാലാവധി 31-7-2013 - നും അവസാനിച്ചു.

(ഡി) പുതിയ ശമ്പള പരിഷ്കരണ കരാർ രൂപീകരിക്കുന്നതിലേക്കുള്ള ചർച്ചകൾ ആരംഭിച്ചിട്ടില്ല.

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പ്രൊമോഷൻ

4 (3157) ശ്രീ. പ്രദീപ് പ്ലായിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഓരോ തസ്തികയിലും ഗ്രേഡ് പ്രൊമോഷൻ ലഭിച്ചിട്ടും 10 വർഷത്തിലധികമായി അടുത്ത പോസ്റ്റിലേക്ക് പ്രൊമോഷൻ ലഭിക്കാത്തവരുടെ എണ്ണം വിശദമാക്കാമോ;

(ബി) ഇവർക്ക് ഒഴിവ് വരുന്ന പോസ്റ്റുകളിലേക്ക് യോഗ്യത അനുസരിച്ച് പ്രൊമോഷൻ നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)	എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)	12
	അക്കൗണ്ട്സ് ഓഫീസർ	5

LIBRARY ARCHIVES Kerala Legislative Assembly